"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ഡി.എം.എ3/259/2021-ഡി.എം.ഡി
ദുരന്ത നിവാരണ (എ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 17/06/2021

## പരിപത്രം

വിഷയം:- ദു.നി.വ - കാലവർഷക്കെടുതികൾ - സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ടുള്ള റോഡുകളുടെ പുനരുദ്ധാരണം - പ്രവൃത്തി നിർവ്വഹണത്തിനായി കരാർ വയ്ക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) സ.ഉ(കൈ) നം.3/2018/ഡി.എം.ഡി., തീയതി 27.03.2018
2) 18.06.2020-ലെ ഡി.എം.എ3/257/2020-ഡി.എം.ഡി നമ്പർ പരിപത്രം
3) കോഴിക്കോട് ജില്ലാ കളക്ടറുടെ 24.05.2021-ലെ ഡി.സി.കെ.കെ.ഡി/4885/2020-എഫ്3 നമ്പർ കത്ത്

പ്രകൃതിക്ഷോഭത്തിൽ നാശം സംഭവിക്കുന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് ഭരണാനുമതി നല്കി വരുന്ന പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സൂചന സർക്കാർ ഉത്തരവ് പ്രകാരം ടി പ്രവൃത്തികളുടെ ഭരണാനുമതി തീയതി മുതൽ ആറ് മാസത്തിനുള്ളിൽ പ്രവൃത്തി നിർവ്വഹണത്തിനായി കരാറിലേർപ്പെടേണ്ടതും ഒന്നര വർഷത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ് എന്നും മേൽ നിഷ്കർഷിച്ച സമയപരിധിയ്ക്കകം കരാറിലേർപ്പെടാത്ത പ്രവൃത്തികൾ റദ്ദാകുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2018,2019 വർഷങ്ങളിലെ പ്രളയം, 2019-ലെ ലോക് സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നിലനിന്നിരുന്ന പെരുമാറ്റച്ചട്ടം, കോവിഡ് -19 മഹാമാരിയെ തുടർന്നുള്ള നിയന്ത്രണങ്ങൾ എന്നീ കാരണങ്ങളാൽ പ്രവൃത്തികളുടെ നിർവ്വഹണത്തിന് നടപടി സ്വീകരിക്കാൻ സാധിക്കാതെ നിരവധി ദിവസങ്ങൾ നഷ്ടപ്പെട്ടത് കണക്കിലെടുത്ത് സൂചനയിലെ പരിപത്രം പ്രകാരം 2019 ഏപ്രിൽ 1 മുതൽ പരിപത്രം പുറപ്പെടുവിച്ചിരുന്ന തീയതി വരെ ഭരണാനുമതി നല്കിയിരുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് കരാറിലേർപ്പെടാനുള്ള കാലാവധി 2021 മാർച്ച് 31 വരെ ദീർഘിപ്പിച്ച് നല്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നല്കിയിരുന്നു.

2) എന്നാൽ കോവിഡ് -19 മഹാമാരി ഇപ്പോഴും തുടർന്നുവരുന്ന പശ്ചാത്തലത്തിലും 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനെത്തുടർന്നും പല പ്രവൃത്തികളുടെയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറിലേർപ്പെടാൻ സാധിച്ചിട്ടില്ലെന്നും ആയതിനാൽ 2019 ഏപ്രിൽ 1 മുതൽ ഭരണാനുമതി നൽകിയിരുന്ന പ്രവൃത്തികൾക്ക് കരാറിലേർപ്പെടാനുള്ള സമയപരിധി ദീർഘിപ്പിച്ച് നല്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും വിവിധ ജില്ലാ കളക്ടർമാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3) 2018,2019 വർഷങ്ങളിലെ പ്രളയം, 2019-ലെ ലോക് സഭാ തെരഞ്ഞെടുപ്പ്, 2020-ൽ നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്, സംസ്ഥാന നിയമസഭയിലേയ്ക്ക് നടന്ന 2021-ലെ പൊതുതെരഞ്ഞെടുപ്പ് എന്നിവയെത്തുടർന്നുള്ള പെരുമാറ്റച്ചട്ടം, 2020 മുതൽ സംസ്ഥാനത്ത് തുടർന്ന് വരുന്ന കോവിഡ് പ്രതിസന്ധി എന്നിവ മൂലം പ്രവൃത്തി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും വളരെ ചുരുങ്ങിയ കാലയളവ് മാത്രമാണ് ലഭ്യമായിരുന്നത് എന്നതും കോവിഡ് 19 മഹാമാരി ഇപ്പോഴും തുടർന്ന് വരുന്ന സാഹചര്യം കൂടി പരിഗണിച്ചും 2019 ഏപ്രിൽ 1 മുതൽ 2021 മെയ് 31 വരെ സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് നിർവ്വഹിക്കുന്നതിനായി ഭരണാനുമതി നല്കിയിരുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കരാറിലേർപ്പെടുന്നതിനുള്ള സമയപരിധി 2021 ഡിസംബർ 31-വരെ ദീർഘിപ്പിച്ച് നല്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകുന്നു. അപ്രകാരം കരാർ വയ്ക്കുന്ന പ്രവൃത്തികൾ കരാർ വച്ച് ആറുമാസത്തിനുള്ളിൽ സമയബന്ധിതമായി പൂർത്തീകരിച്ച് ബില്ല് സമർപ്പിക്കപ്പെടുന്നുണ്ടെന്നുള്ള വിവരം ജില്ലാ കലക്ടർമാർ ഉറപ്പാക്കേണ്ടതാണ്.

ഷൈൻ.എ.ഹക്ക്
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by Jayachandran K P
Date: 17-06-2021 18:49:30
Reason: Approved

സെക്ഷൻ ഓഫീസർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരളം, തിരുവനന്തപുരം
കമ്മിഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
പകർപ്പ്:മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
വെബ്&ന്യൂ മീഡിയ (ഐ&പിആർഡി)
ദുരന്ത നിവാരണ (ബി) വകുപ്പ്
ദുരന്ത നിവാരണ (എ4) സീറ്റ്